പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3586 08.11.2019-ലെ മറുപടിക്ക്

## മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സ്ട്രക്ച്ചറൽ വർക്കുകളും പ്ലാസ്റ്ററിംഗും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി മൂലം കരാറുകാരന് തുക നൽകുവാൻ കഴിയാത്തതിനാൽ പണി നിർത്തി വച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വൈദ്യുതീകരണം, അഗ്നി സുരക്ഷ സംവിധാനം എന്നീ പ്രവൃത്തികൾ 2020-21 പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സർക്കാരിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | 2018 ഡിസംബർ 31-നുശേഷം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ ലേലം നടത്തിയതുവഴി കെ.എസ്.ആർ.ടി.സി. യ്ക്ക് വരുമാനം ലഭിച്ചിട്ടുണ്ടോ; | (ബി) | ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | എഗ്രിമെന്റിൽ പറഞ്ഞതുപ്രകാരം ഏതുഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കരാറുകാരന് നൽകുവാനുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (സി) | കരാർ പ്രകാരമുള്ള സ്ട്രക്ച്ചറൽ വർക്കുകളും പ്ലാസ്റ്ററിംഗും ഏകദേശം പൂർത്തികരിച്ചിട്ടുണ്ട്.<br>കരാറുകാരന് 1,19,33,190/- രൂപ നൽകാനുണ്ട്. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ